**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).<br><br>വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തി കളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ട ങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | 2020-ൽ തുടങ്ങിയ പദ്ധതി എത്ര ശതമാനം പൂർത്തിയായി; ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കും ; വ്യക്തമാക്കുമോ; | (ബി) | ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).<br><br>കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീ കരിക്കാനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതി എത്ര തുകയുടേതെന്നും എത്ര തുക നാളിതുവരെ ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര വിഹിതം, സംസ്ഥാനവിഹിതം എന്നിവ എത്ര ചെലവാക്കി എന്നും വ്യക്തമാക്കുമോ; | (സി) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). ഈ തുക പൂർണ്ണമായും ചിലവഴിച്ചിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 2019-20 മുതൽ 2024-25 സാമ്പത്തിക വർഷം വരെ അനുവദിച്ച തുകയുടെ വിവരങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന എത്ര ഗ്രാമീണ വീട്ടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി നൽകേണ്ടത് എത്ര വീട്ടുകളിലേക്കാണെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി മുഖേന 54,45,342 കണക്ഷൻ നൽകാനാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 21,12,725 കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ഇനി 31,19,817 കണക്ഷൻ നൽകാനുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**(in Crore)**

| **Year** | **Release by GOI (central share)** | **Release by GOK (state share)** | **Total Release (GoI + GoK)** | **Total expenditure (central and state share)** |
|---|---|---|---|---|
| 2019-20 | 101.29 | 101.29 | 202.58 | 125.96 |
| 2020-21 | 303.18 | 303.18 | 606.36 | 621.91 |
| 2021-22 | 1353.44 | 1353.44 | 2706.88 | 2017.01 |
| 2022-23 | 2206.54 | 1616.28 | 3822.82 | 3483.61 |
| 2023-24 | 671.18 | 1207.15 | 1878.33 | 2913.96 |
| 2024-25 | 974.68 | 1451.94 | 2426.62 | 2481.14 |
| 2025-26 | 0 | 0 | 0 | 0 |
| **Total** | **5610.30** | **6033.29** | **11643.59** | **11643.59** |

**അനുബന്ധം 2**

| **ജില്ല** | **ആകെ ഗ്രാമീണ വീട്ടുകൾ** | **ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം** | **ജൽ ജീവൻ മിഷൻ പദ്ധതി തുടങ്ങിയ ശേഷം നൽകിയ ആകെ കണക്ഷൻ** | **നിലവിലുള്ള മൊത്തം കണക്ഷൻ** | **ഇനി നൽകാനുള്ള കണക്ഷനാക്കുളുടെ എണ്ണം** | **കവറേജ് (%)** |
|---|---|---|---|---|---|---|
| ആലപ്പുഴ | 543821 | 378352 | 171325 | 366778 | 177043 | 67.44 |
| എറണാകുളം | 620848 | 346467 | 151265 | 416656 | 204192 | 67.11 |
| ഇടുക്കി | 279017 | 241261 | 40222 | 98413 | 180604 | 35.27 |
| കണ്ണൂർ | 433842 | 376986 | 174539 | 254962 | 178880 | 58.77 |
| കാസർഗോഡ് | 253522 | 220320 | 44982 | 85123 | 168399 | 33.58 |
| കൊല്ലം | 607160 | 446930 | 303398 | 451177 | 155983 | 74.31 |
| കോട്ടയം | 471910 | 373493 | 120041 | 229985 | 241925 | 48.73 |
| കോഴിക്കോട് | 514666 | 526159 | 118993 | 205265 | 309401 | 39.88 |
| മലപ്പുറം | 797512 | 652951 | 221830 | 365406 | 432106 | 45.82 |
| പാലക്കാട് | 650491 | 497280 | 235145 | 384032 | 266459 | 59.04 |
| പത്തനംതിട്ട | 357519 | 273171 | 88907 | 174137 | 183382 | 48.71 |
| തിരുവനന്തപുരം | 659860 | 524194 | 282026 | 448838 | 211022 | 68.02 |
| തൃശ്ശൂർ | 600633 | 438834 | 130618 | 309247 | 291386 | 51.49 |
| വയനാട് | 191308 | 148944 | 29434 | 72273 | 119035 | 37.78 |
| **ആകെ** | **6982109** | **5445342** | **2112725** | **3862292** | **3119817** | **55.31** |